**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4487** **19-07-2022 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ അപ്പാരൽ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിലുറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. മെന്റർ ടീച്ചർ, ST പ്രമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ തുടങ്ങിയ തസ്തികകളിലായി നിരവധി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായവർക്ക് വേണ്ടിയുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ വനിതകൾക്ക് നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികയിലും നടപ്പാക്കാനുദ്ദേശിക്കുന്ന നഴ്സ്/പാരാമെഡിക്കൽ താത്കാലിക നിയമനത്തിലും വനിതകൾക്ക് ജോലി ലഭ്യമാക്കുന്നതാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി നടപ്പാക്കാനുദ്ദേശിക്കുന്ന എംപവർമെന്റ് സൊസൈറ്റികളിലും പട്ടികവർഗ്ഗ വനിതകൾക്ക് മികച്ച തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ, സ്വയംതൊഴിലിനായി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പട്ടികവർഗ്ഗ വനിതകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതു വഴി കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭ്യമാകുന്നുണ്ട്. |
| (ബി) | പിന്നാക്ക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ട്രൈബൽ അപ്പാരൽ പാർക്ക് ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലും വയനാട് ജില്ലയിലും പട്ടികവർഗ്ഗക്കാർക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി സൊസൈറ്റി മാതൃകയിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഗുണഫലങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച ശേഷം മറ്റ് നടപടികൾ ആലോചിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലും വയനാട് ജില്ലയിലും പട്ടികവർഗ്ഗക്കാർക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി സൊസൈറ്റി മാതൃകയിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഗുണഫലങ്ങൾ പരിശോധിച്ച ശേഷം മറ്റ് നടപടികൾ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ